# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

സമഗ്ര ശിക്ഷാ

ഗുണമേന്മ

വിദ്യാഭ്യാസ പദ്ധതി

സെന്റ്. ജോൺസ് യു. പി

എസ്. മേപ്രാൽ

# ആമുഖം

മേപ്രാൽ ദേശത്ത് വേണ്ടത്ര സ്കൂളുകൾ ഇല്ലാതിരുന്നകാലത്ത് ദിവംഗതനായ ദി. ശ്രീ കണിയാപറമ്പ അലക്സാണ്ടർ കോർ എപ്പിസ്കോപ്പ ഇന്നാട്ടിലെ ജനങ്ങൾക്ക് സാമാന്യ വിദ്യാഭ്യാസത്തിന് ഒരു യു പി സ്കൂൾ കൊല്ലവർഷം 1094 ൽ സ്ഥാപിച്ചു. പിന്നോക്ക വിഭാഗത്തിൽ ഉള്ളവർക്ക് അടിസ്ഥാന വിദ്യാഭ്യാസ സൗകര്യം ലഭിച്ചത്, ഈ സ്കൂളിന്റെ എടുത്തു പറയാവുന്ന നേട്ടമാണ്.

ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം വെള്ളത്തിൽ ചുറ്റപ്പെട്ട പ്രദേശമാണ്. ഗതാഗത സൗകര്യം കുറവുള്ള ഈ പ്രദേശത്ത് അഞ്ച് കിലോമീറ്റർ കഴിഞ്ഞാണ് ഒരു യു പി സ്കൂൾ ഉള്ളത്. സമീപത്തുള്ള ഹരിജൻ കോളനി നിവാസികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റ് വിഭാഗങ്ങൾക്കും ഈ വിദ്യാലയം ഒരാശാകേന്ദ്രമായി നിലകൊണ്ടിരുന്നു. ജാതീയമായ വേർതിരിവുകൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ എല്ലാ വിഭാഗങ്ങൾക്കും പഠനത്തിനുള്ള സൗകര്യം ഈ സ്കൂൾ പ്രദാനം ചെയ്തിരുന്നു.

സെന്റ് ജോൺസ് ഗവ. എൽ പി എസ് മേപ്രാൽ, ഗവ. എൽ. പി എസ് മേപ്രാൽ തുടങ്ങിയവ ഈ സ്കൂളിന്റെ ഫീഡിംഗ് സ്കൂളുകളായി പ്രവർത്തിരുന്നു.

മുൻ RDO ശ്രീ. എം. കെ രാമൻ, KSIDC ചെയർമാൻ ശ്രീ. കെ. റ്റി ചാണ്ടി, ബിഷപ്പുമാരായ കുര്യാക്കോസ്, മാർ. കൂറിലോസ് ഇയോബ് മാർ. പീലക്സിനോസ്, മുൻ M.LA ശ്രീ രാമൻ നായർ തുടങ്ങിയവർ ഈ വിദ്യാലയത്തിന്റെ സന്താനങ്ങളാണ്.

അപ്പർ കുട്ടനാടിന്റെ ഭാഗമായ ഈ സ്ഥലത്ത് മൺസൂൺ കാലങ്ങൾ ദുരിതത്തിന്റെയും കഷ്ടപ്പാടിന്റെയും കാലമാണ്. മിക്ക വീടുകളിലും വെള്ളപ്പൊക്കകാലത്ത് വെള്ളം കയറുന്നു. ആ സമയത്ത് ഈ സ്കൂൾ അഭയകേന്ദ്രമായി മാറുന്നു.

നെൽപ്പാടങ്ങളും, തോടുകളും, കുളങ്ങളും അനേകം കാവുകളാലും നിറഞ്ഞ ഈ സ്ഥലം ഫീൽഡ് ട്രിപ്പിന് അനുയോജ്യമാണ്.

അതോടൊപ്പം സ്കൂളിന്റെ സമീപസ്ഥലത്ത് ഒരു റിസോർട്ടും പ്രവർത്തിക്കുന്നു. പ്രകൃതിരമണീയമായ ഈ പ്രദേശം മനസ്സിന് കുളിർമയേകുന്ന അനേകം കാഴ്ചകളാൽ നിറഞ്ഞതാണ്.

## ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അറിവ് നേടുന്നതിനുള്ള പഠനോപകരണങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി അനുസ്യൂതമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സൃഷ്ടിക്കുക.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ് ജോൺസ് യു പി എസ്, മേപ്രാൽ

വില്ലേജ് : പെരിങ്ങര

പഞ്ചായത്ത് : പെരിങ്ങര

ക്ലസ്റ്റർ : പെരിങ്ങര, മേപ്രാൽ

ബ്ലോക്ക് : പുളിക്കീഴ്

ബി ആർ സി : തിരുവല്ല

വിദ്യാഭ്യാസ ജില്ല : തിരുവല്ല

വിദ്യാഭ്യാസ ഉപജില്ല : തിരുവല്ല

താലൂക്ക് : തിരുവല്ല

പ്രധാനാധ്യാപകൻ : ബിനു കെ ഫിലിപ്പ്

മൊബൈൽ നമ്പർ : 9847063491

സ്കൂൾ കോഡ് : 37266

വാർഡ് നമ്പർ : 3

വാർഡ് മെമ്പർ : ഷൈജു എം.സി

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ : മിനികുമാരി വി.കെ

# അധ്യാപകരും വിവരങ്ങളും

| Sl.No | അധ്യാപകൻ / അധ്യാപികയുടെ പേര് | തസ്തിക |
|---|---|---|
| 1. | ബിനു കെ ഫിലിപ്പ് | HM |
| 2. | സുവി ദേവസ്യ | UPST |
| 3. | ഷാനി മറിയം തോമസ് | UPST |
| 4. | പ്രതിഭ സോമൻ | Junior language Hindi Teacher (Part Time) |

## ലക്ഷ്യങ്ങൾ

5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് നേടേണ്ട പഠനനേട്ടങ്ങൾ അതാത് ക്ലാസിൽ തന്നെ നേടുക.

* ഓരോ വിദ്യാർത്ഥികൾക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അനുഭവങ്ങളും ആസ്വാദ്യകരമാകുക.
* വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കല, കായിക പ്രവൃത്തി, പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
* വിദ്യാലയത്തിലെ പഠന വിഭവങ്ങൾ, സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം, എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാകുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയം സജ്ജീകരിക്കുക.

## നേരിടുന്ന പ്രശ്നങ്ങൾ

* സൗകര്യങ്ങളുടെ അഭാവം സ്കൂൾ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
* വെള്ളം കയറുന്ന പ്രദേശമായതിനാൽ പഠനപ്രവർത്തനങ്ങളെ ബാധിക്കുന്നു.

ശ്രീ. സി. ഒ ഉമ്മൻ, ശ്രീ. കെ. ജി ജോർജ്ജ്, ശ്രീ. പി. വി ജോൺ തുടങ്ങിയവർ ആദ്യകാലങ്ങളിലായിരുന്ന പ്രഗത്ഭരായ അധ്യാപകരിൽ ചിലരാണ്.

## ഭൗതികം

### നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

- ക്ലാസ് മുറികൾ മൂന്ന് - 5, 6, 7
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി
- ഓഫീസ് റൂം
- പാചകപ്പുര
- കമ്പ്യൂട്ടർ റൂം - ലാപ്ടോപ്, പ്രിന്റർ, പ്രൊജക്ടർ
- സയൻസ് ലാബ്
- ബോയ്സ് ടോയ്ലറ്റ് - 1
- ഗേൾസ് ടോയ്ലറ്റ് - 1
- കളിസ്ഥലം, കളി ഉപകരണങ്ങൾ
- ശുദ്ധജല ലഭ്യത

→ ### ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ

- ചുറ്റുമതിൽ
- സ്മാർട്ട് ക്ലാസ് റൂം

# അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി 2025-2026

വിദ്യാലയത്തിന്റെ പേര് : സെന്റ് ജോൺസ് യു.പി.സ്കൂൾ, വേപ്പാൽ

വിഭാഗം : യു.പി.

ഭാഷ : മലയാളം

**അവസ്ഥാ വിശകലനം :-**

- ക്ലാസിലെ വ്യക്തിഗത വായനയിൽ ചില കുട്ടികൾ നേരിട്ട പ്രശ്നങ്ങൾ
- അസംബ്ലിയിൽ പത്രവായനയിൽ നേരിട്ട പ്രശ്നങ്ങൾ

**ദത്ത ശേഖരണം :-**

| ക്ലാസ് | കുട്ടികളുടെ എണ്ണം | വിക്കി വായന | ടീച്ചറിന്റെ സഹായത്തോടെ വായിച്ചവർ | പിന്നോക്കം നിൽക്കുന്നവർ |
|---|---|---|---|---|
| V | 6 | 1 | 3 | 2 |
| VI | 3 | 1 | 1 | 1 |
| VIII | 5 | 2 | 2 | 1 |

അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ വായന എന്ന വ്യവഹാരരൂപം എടുത്തപ്പോൾ അതിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തി. അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വായന എന്ന മേഖല തിരഞ്ഞെടുത്തത്.

മേഖല : വായന

പ്രവർത്തന പരിപാടിയുടെ പേര് : വായന വസന്തം

<u>പ്രതീക്ഷിത നേട്ടങ്ങൾ</u> :-

- വായനയിൽ താൽപര്യം ജനിപ്പിക്കുക
- കുട്ടികളിൽ ഏത് സന്ദർഭത്തിലും ആത്മവിശ്വാസത്തോടെ വായിക്കുവാനുള്ള മനോഭാവം സൃഷ്ടിക്കുക.
- വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | • അതാത് ദിവസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി, പുസ്തകങ്ങൾ | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ് |

| | | | | |
|---|---|---|---|---|
| | ഉണ്ണിയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | | | |
| 3) സാഹിത്യ കൃതികളെയും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗാത്മക ശേഷി വളർത്തുക | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെറുകഥകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ. |
| | • വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ ഒരെണ്ണം തിരഞ്ഞെടുത്ത് ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവ്വഹണ പദ്ധതി 2025-2026

വിദ്യാലയത്തിന്റെ പേര് : സെന്റ് ജോൺസ് യു.പി. സ്കൂൾ വേപ്രാൾ

വിഭാഗം : യു. പി.

വിഷയം : ഗണിതം

**അവസ്ഥാ വിശകലനം :-**

- പഠിതാക്കൾ നേരിട്ട പ്രശ്നങ്ങൾ
- ക്ലാസിലെ വ്യക്തിഗത പ്രവർത്തനങ്ങളിൽ കുട്ടികൾ നേരിട്ട പ്രശ്നങ്ങൾ

**ദത്ത ശേഖരണം :-**

| ക്ലാസ് | കുട്ടികളുടെ എണ്ണം | മികച്ച പ്രവർത്തനം | ട്യൂഷനും സഹായങ്ങൾ വേണ്ടവർ | പിന്നോക്കം നിൽക്കുന്നവർ |
|---|---|---|---|---|
| V | 6 | 1 | 3 | 2 |
| VI | 3 | 2 | — | 1 |
| VII | 5 | 2 | 2 | 1 |

മേഖല : ചതുഷ്ക്രിയകൾ

പ്രവർത്തന പരിപാടിയുടെ പേര് : ഗണിതം സിനിമ

<u>പ്രതീക്ഷിത</u> <u>നേട്ടങ്ങൾ</u> :-

- ഗണിത ശാസ്ത്ര പഠനത്തിൽ ചതുഷ്ക്രിയയുടെ പ്രാധാന്യം മനസ്സിലാക്കുക.
- നിത്യജീവിതത്തിൽ ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെ തിരിച്ചറിയുക.
- ഗണിത ശാസ്ത്ര പഠനം ലളിതവും താൽപര്യവും ഉളവാക്കുന്നതാണെന്ന് തിരിച്ചറിയുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, ...... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സജീവമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | |
| 3) ഗണിത വേളയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.<br>• ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | |

| | | | | |
|---|---|---|---|---|
| | ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും തൽപരരായ കുട്ടികളും. | |
| 4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5) വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി 2025-26

വിദ്യാലയത്തിന്റെ പേര് : സെന്റ് ജോൺസ് യു പി എസ് മേപ്രാൽ

വിഭാഗം : UP

വിഷയം : സാമൂഹ്യശാസ്ത്രം

## അവസ്ഥാ വിശകലനം

* ക്ലാസിലെ വ്യക്തിഗത പ്രവർത്തനങ്ങളിൽ കുട്ടികൾ നേരിട്ട പ്രശ്നങ്ങൾ
* പാഠപുസ്തക പ്രവർത്തനങ്ങളിൽ നേരിട്ട പ്രശ്നങ്ങൾ.

## ദത്ത ശേഖരണം

| ക്ലാസ് | കുട്ടികളുടെ എണ്ണം | മികച്ച പ്രവർത്തനം | ടീച്ചറിന്റെ സഹായത്തോടെ പ്രവർത്തിച്ചവർ | പിന്നോക്കം നിൽക്കുന്നവർ |
|---|---|---|---|---|
| V | 6 | 1 | 3 | 2 |
| VI | 3 | 1 | 1 | 1 |
| VII | 5 | 2 | 2 | 1 |

* അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ ഗ്രാഫ് നോക്കി സ്ഥാനനിർണയം, അക്ഷാംശ - രേഖാംശ രേഖകളുടെ സ്ഥാനം നിർണയിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ 1.5 ൽ കൂടുതൽ % കുട്ടികൾ പിന്നാക്കം നിൽക്കുന്നതായി കണ്ടെത്തി. അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേള നടത്തുന്നത്.

മേള

ഗ്രാഫ് നോക്കി സ്ഥാനനിർണയം അക്ഷാംശ രേഖാംശ രേഖകളുടെ സ്ഥാനം നിർണയിക്കൽ

പ്രവർത്തന പരിപാടിയുടെ പേര്

ഭൂമി, കാഴ്ചയും കാര്യവും

പ്രതീക്ഷിത നേട്ടങ്ങൾ

* നിരീക്ഷണത്തിൽ താൽപര്യം ജനിപ്പിക്കുന്നു
* കുട്ടികളിൽ ഏത് സന്ദർഭത്തിലും സ്ഥല, സ്ഥാന നിർണയം നടത്താനുള്ള മനോഭാവം സൃഷ്ടിക്കുന്നു.
* നിരീക്ഷണ പാഠത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുന്നു.

മേഖല യു.പി , സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ, ആശയങ്ങൾ ഇവ ചർച്ചചെയ്തു നേടിയെടുക്കൽ | അക്കാദമിക് : കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനപരമായ അറിവ് പരിശോധിക്കുന്നതിന് ഉപാധികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | അധ്യാപിക | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതയുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | അധ്യാപിക. | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ലോക്സഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതികളുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | അധ്യാപിക<br>PTA | |

| | | | | |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പരിശീലനം ബോധവൽക്കരിക്കുന്നു. | <u>പ്രകൃതി താണ്ഡവം: നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ, അതിവരൾച്ച ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstrations ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പരിശീലനം ബോധവൽക്കരണവും ചെയ്യുന്നു. | അജ്ഞാദമിത വർഷഭാരം | അധ്യാപകർ | |
| 5) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും നെറ്റ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നു. | <u>ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം</u><br>സാങ്കേതികശാസ്ത്രത്തിന്റെ അതിപ്രസരത്തിൽ നെറ്റ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അജ്ഞാദമിത വർഷം | അധ്യാപകർ<br>~~[illegible]~~ | |
| 6) സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | <u>ഉത്തരവാദിത്വങ്ങളിലേക്ക്</u><br>മത്സര പരീക്ഷകളുടെ താൽപര്യത്തിനോടും വിശ്വം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ ക്ലാസുകളിൽ സൃഷ്ടിക്കുന്നു. | അജ്ഞാദമിത വർഷം. | അധ്യാപകർ<br>കുട്ടികൾ (leaders) | |

# അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി

## ൨൦൨൫ - ൨൬

വിദ്യാലയത്തിന്റെ പേര് : സെന്റ് ജോൺസ് യു പി എസ് മേപ്രാൽ

വിഭാഗം : യു . പി

വിഷയം : അടിസ്ഥാനശാസ്ത്രം

### അവസ്ഥാ വിശകലനം

- പഠിതാക്കൾ നേരിട്ട പ്രശ്നങ്ങൾ
- ക്ലാസിലെ വ്യക്തിഗത പ്രവർത്തനങ്ങളിൽ കുട്ടികൾ നേരിട്ട പ്രശ്നങ്ങൾ

### ദത്ത ശേഖരണം

| ക്ലാസ് | കുട്ടികളുടെ എണ്ണം | സ്വതന്ത്രമായി ആസൂത്രണം ചെയ്ത് പരീക്ഷണം നടത്തി നിഗമനത്തിലെത്തുന്നു | പരീക്ഷണം ചെയ്യുന്നു. ശരിയായ നിഗമനത്തിലെത്താൻ കഴിയുന്നില്ല. | അദ്ധ്യാപകരുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
|---|---|---|---|---|
| V | 6 | 1 | 3 | 2 |
| VI | 3 | 1 | 1 | 1 |
| VII | 5 | 3 | 1 | 1 |

മേഖല : മലിനീകരണത്തിന്റെ ദോഷങ്ങളും പരിഹാരമാർഗങ്ങളും തിരിച്ചറിയൽ

പ്രവർത്തന പരിപാടിയുടെ പേര് : എന്റെ പ്രകൃതി.

പ്രതീക്ഷിത നേട്ടങ്ങൾ:

* ജീവജാലങ്ങളുടെ നിലനിൽപ്പിന് മണ്ണ്, വായു, ജലം എന്നിവ എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് തിരിച്ചറിയുക.

* മണ്ണ്, വായു, ജലം എന്നിവ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ തിരിച്ചറിയുക.

* മണ്ണ്, വായു, ജലം എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## മേഖല യു പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവ വൈവിധ്യ പാർക്ക്. ഔഷധങ്ങളും, പച്ചക്കറികളും, ശലഭോദ്യാനം, കുളം, എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | Basic Science ടീച്ചർ | |
| | <u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം | ജൂലൈ | | |
| | <u>പരീക്ഷണങ്ങൾ</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുവായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ അന്വേഷിക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | | അധ്യാപകർ [illegible] കുട്ടികൾ | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>ടിങ്കറിങ് ലാബ്</u><br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി. | | | |

| | | | | |
|---|---|---|---|---|
| | റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br><br>ലൈബ്രറി<br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | | അധ്യാപിക | |
| 3) ശാസ്ത്ര ജ്ഞാനത്തെ നൂതന നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | ഓഗസ്റ്റ് | അധ്യാപിക | |

Name of the School - St Johns UPS Mepral

Subject - English

School Year - 2025-2026

Data analysis

| Class | No. of the students | Best Readers | Readers with the support of teachers | Below average students |
|---|---|---|---|---|
| V | 6 | 1 | 3 | 2 |
| VI | 3 | 1 | 1 | 1 |
| VII | 5 | 2 | 2 | 1 |

Area

Name of the activity - ~~Readi~~ Reading

Expected goals - Develop Reading efficiency of the students

| Sl No | Activities | Steps of activities | Duration | Duty assigned | Finance | Remark |
|---|---|---|---|---|---|---|
| 1 | Picture reading | Showing pictures and asks them to tell what do you see in this picture | Week 1 | English Teacher | | |

| | | | 1 | 2 | 3 | 4 |
|---|---|---|---|---|---|---|
| 2 | Reading Cards word card | Asks the students to read word card | 2 weak | English Teacher | | |
| 3 | Reading - Picture descriptions | Asks the students to read picture descriptions | more than 3 weak | Teachers | | |
| 4 | Short Story Reading | Individual reading Group reading Identify the new words and sentences | 2 months | Teacher Group leaders | | |
| 5 | Identify the books in the class library | Identify the title, authors name, theme of the story and character based study | 2 months | English Teacher | | |

| | | | 1 | 2 | 3 | 4 |
|---|---|---|---|---|---|---|
| 6 | Preparing story books<br>Preparing dictionary<br>Read the Narrations | asks them to tell the fables and short stories story collections Preparing story books. Preparing dictionary | 6 months | Teachers<br>Group leaders | | |
| 7 | News paper reading | Read the titles and sub titles. Identify the issues. Newpaper reading in assembly. Preparing News Reports. | 4 week<br>2 months<br>More than six months. | Teachers<br>School leader<br>Group leaders | | |

# हिन्दी अकादमिक मास्टर प्लान 2025-26

| 1. | कार्यक्रम | गतिविधि | कालांश | भौतिक | सहायता |
|---|---|---|---|---|---|
| 1. | यू. पी. कक्षा के सभी बच्चों को अक्षर, शब्द या आशय ग्रहण करने की क्षमता बढ़ाना | • अक्षर लिखना। • चिह्न पहचानना • अक्षर कार्ड • अक्षर खेल • भाषाई खेल • वाचन कार्ड बनाना। • वाक्यों का निर्माण | जून से अगस्त तक | अक्षर चार्ट पाठ पुस्तिका (वर्णमाला चार्ट) | BRC DIET SCERT Resource Teacher |
| 2. | घर में देखने वाले उपयोग करते - चीज़ों के नाम हिंदी में बताना। | घरेलू उपकरणों की सूची तैयार करना। ICT की सहायता से चीज़ों और सामग्रियों को जानने की अवसर देना। CWSN छात्रों का भी भागीदारी | सितंबर से अक्तूबर तक | हिंदी शब्दकोश का निर्माण | PTA BRC Resourse Teacher. |

| कार्यक्रम | गतिविधि | कालांश | भौतिक | सहायता |
|---|---|---|---|---|
| आशय अच्छी तरह या शुद्ध रूप से प्रस्तुत करने की क्षमता बढ़ाना। सर्गात्मक रचनाओं को विकसित करने की अवसर देना (सुरीली हिन्दी) | हिन्दी Assembly<br>• दिनाचरण<br>• सितंबर - 14<br>• जनवरी - 10<br>• पुस्तकालय से लाभ।<br>• वाचन सामग्रि की निर्माण।<br>• चित्र कहानी की रचना<br>• हिन्दी क्लब<br>चित्रवाचन कहानी बोलने वाचन करना।<br>• पोस्टर निर्माण | नवंबर से फरवरी | पुस्तक | BRC<br>DIET<br>PTA<br>SCERT. |

## ഉപസംഹാരം

2025 - 2026 അധ്യയന വർഷത്തിൽ സെന്റ്- ജോൺസ് യു. പി സ്കൂൾ മേമല തയാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ കുട്ടികളുടെ വൈജ്ഞാനികവും സാമൂഹികവുമായ വളർച്ച ലക്ഷ്യമിട്ട് രൂപപ്പെടുത്തിയതാണ്. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. വായന, എഴുത്ത്, പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, ഗണിതകളികൾ എന്നിവ ഉൾപ്പെടുത്തി രൂപകൽപന ചെയ്തിട്ടുള്ളതാണ് ഈ മാസ്റ്റർ പ്ലാൻ.